**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**09.02.2016 ൽ മറുപടിയ്ക്ക്**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 513**

# സംസ്ഥാന സഹകരണ ബാങ്കിലെ ക്ലർക്ക് നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിൽ ക്ലർക്ക് ഗ്രേഡ് I ന്റെ നിയമനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (എ) സംസ്ഥാന സഹകരണ ബാങ്കിൽ ക്ലർക്ക് ഗ്രേഡ് I തസ്തികയിലെ നിയമനം 95% നേരിട്ടും 5% ഗ്രേഡ് II ൽ നിന്നും സ്ഥാനക്കയറ്റം വഴിയും ആയിരിക്കണമെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ച റിക്രൂട്ട്മെന്റ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്ലർക്ക് ഗ്രേഡ് I, ഗ്രേഡ് II തസ്തികയിൽ ആകെയുള്ള 70 തസ്തികയിൽ 66 ക്ലർക്ക് തസ്തിക ഗ്രേഡ് I നും 4 തസ്തിക ക്ലർക്ക് ഗ്രേഡ് II നുമായി (22:1) അനുപാതത്തിൽ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (ബി) നിലവിൽ സംസ്ഥാന സഹകരണ ബാങ്കിൽ ക്ലർക്ക് ഗ്രേഡ് I തസ്തികയിൽ 3 ഒഴിവുകൾ ഉണ്ട്. |
| (സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ബാങ്ക് നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | |
|---|---|---|
| (ഡി) | ക്ലർക്ക് ഗ്രേഡ് I സൊസൈറ്റി കാറ്റഗറിയിൽ നിലവിൽ എത്ര ഒഴിവുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ഡി) സംസ്ഥാന സഹകരണ ബാങ്കിൽ ക്ലർക്ക് ഗ്രേഡ് I തസ്തികയിൽ 3 ഒഴിവുകൾ ഉണ്ട്. ഇതിൽ 50% സൊസൈറ്റി കാറ്റഗറിയിൽ ആണ്. ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ